## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 129** — **27.02.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### പ്രവാസി നിക്ഷേപങ്ങൾക്കുള്ള സർക്കാർ ഗ്യാരന്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മമ്മൂട്ടി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ നൽകുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകാൻ കഴിയുമോ; വിശദമാക്കാമോ ;<br><br>(ബി) നിലവിലുള്ള നിയമപ്രകാരം പ്രവാസി നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകാൻ കഴിയുമോ; | (എ) യും (ബി) യും | ഈ വിഷയത്തിൽ ഇപ്പോൾ നിയമങ്ങളൊന്നും നിലവിലില്ല. എന്നാൽ വിദേശ മലയാളികളിൽ കെഎസ് എഫ്ഇ യുടെ എൻ ആർഐ ചിട്ടികളിൽ ചേരുന്നവർക്ക് ഏതെങ്കിലും പേയ്മെന്റ് ഗേറ്റ് വേ വഴി തങ്ങളുടെ മാസത്തവണ അടയ്ക്കാം. ഇങ്ങനെ അടയ്ക്കുന്ന പണം മുഴുവൻ അപ്പപ്പോൾ കെഎസ്എഫ്ഇ യുടെ പേരിൽ കിഫ്ബിയുടെ പ്രവാസി ബോണ്ടുകളിൽ ഓട്ടോമാറ്റിക് ആയി നിക്ഷേപിക്കപ്പെടും. ചിട്ടി പിടിയ്ക്കു മ്പോഴോ നറുക്ക് വീണ പണം പിൻവലിക്കുമ്പോഴോ ആവശ്യമുള്ള പണം പിൻവലിക്കാൻ കെഎസ് എഫ്ഇ യ്ക്ക് കോൾ ഓപ്ഷൻ ഉണ്ടാകും. മിച്ചമുള്ള ഫ്രീ ഫ്ളോട്ട് കിഫ്ബിയുടെ ബോണ്ടുകളിൽ കിടക്കും. അതിന് സർക്കാരിന്റെ ഗ്യാരന്റിയും കെഎസ്എഫ്ഇ യുടെ പരിപൂർണ്ണ സുരക്ഷിതത്വവും ഉണ്ടാകും. |
| (സി) പ്രവാസി നിക്ഷേപ സഹായസെൽ രൂപീകരിക്കുന്ന അവസരത്തിൽ ഇതിനായി പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ നിക്ഷേപ സാധ്യത കളെ പ്രവാസികേരളീയരുടെ ശ്രദ്ധ - യിൽകൊണ്ടുവന്ന് വിവിധ മേഖല കളിൽ നിക്ഷേപിക്കുവാൻ സന്നദ്ധത യുള്ളവർക്കായി പ്രവാസി നിക്ഷേപ സഹായസെൽ രൂപീകരിക്കുന്നതി ലേക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാ വുന്നതാണ്. |